"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- ചേർത്തല നഗരസഭ - ഒറ്റത്തവണ കെട്ടിട നികുതി ഈടാക്കുന്നതിലെ ക്രമക്കേടുകളിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന - നഗരസഭ സെക്രട്ടറി ഇൻ ചാർജ്ജ് ആയിരുന്ന ശ്രീ.എം.വി.ലാലച്ചനെതിരെ ആരംഭിച്ച അച്ചടക്കനടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1787/2023/LSGD തീയതി,തിരുവനന്തപുരം, 08-09-2023

പരാമർശം:-
1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 20.01.2020 തീയതിയിലെ E6 (SC 46/2019/ALP) 1169/19 നമ്പർ കത്ത്
2. 20.08.2022തീയതിയിലെ ഇയു1/70/2022-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ/പത്രിക
3. സെക്രട്ടറി ഇൻ ചാർജ്ജ് ആയിരുന്ന ശ്രീ.എം.വി.ലാലച്ചന്റെ 10.11.2022 തീയതിയിലെ മറുപടി
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 10.08.2023 തീയതിയിലെ LSGD/PD/3597/2023-VIGA6 നമ്പർ കത്ത്.

**ഉത്തരവ്**

ഒറ്റത്തവണ കെട്ടിട നികുതി ഈടാക്കുന്നത് സംബന്ധിച്ചുള്ള സ.ഉ.(എം.എസ്.)നമ്പർ 231/2015/തസ്വഭവ തീയതി 09/07/2015 ലെ നിർദേശങ്ങൾക്ക് വിരുദ്ധമായി കേരളത്തിലെ ഭൂരിഭാഗം കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും കെട്ടിട നമ്പർ നൽകുന്നു എന്നും മറ്റുമുള്ള ആരോപണത്തിന്മേൽ സംസ്ഥാന വ്യാപകമായി നടത്തിയ മിന്നൽ പരിശോധനയുടെ ഭാഗമായി ആലപ്പുഴ ജില്ലയിലെ ചേർത്തല മുനിസിപ്പാലിറ്റിയിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ഉദ്യോഗസ്ഥർ 28/10/2019 തീയതി മിന്നൽ പരിശോധന നടത്തിയിരുന്നു. മിന്നൽ പരിശോധനയിൽ കെട്ടിട നികുതി നിർണയിച്ച നമ്പർ നൽകിയതുയുമായി ബന്ധപ്പെട്ട .BA /80/19, BA/222/18, BA/157(4)/14-15, BA/84/2017, BA/157/10)14-15, BA/565/13/14 എന്നീ ഫയലുകൾ പ്രകാരം ഒറ്റ തവണ കെട്ടിട നികുതിയുടെ ആദ്യ തവണ അടച്ചതിന്റെ രസീതോ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരിക രേഖയോ ഹാജരാക്കാതെയാണ് നികുതി നിർണയം നടത്തി കെട്ടിട നമ്പർ നഗരസഭയിൽ നിന്നും അനുവദിച്ചു നൽകിയിട്ടുള്ളതായി കണ്ടെത്തിയിരുന്നു.

മിന്നൽ പരിശോധനയിൽ കണ്ടെത്തിയ മേൽ ക്രമക്കേടിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കാൻ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ പരാമർശം (1) പ്രകാരം ശിപാർശ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടി അപാകതയ്ക്ക് ഉത്തരവാദിയാണെന്ന് കണ്ടെത്തിയ നഗരസഭ സെക്രട്ടറി ഇൻ ചാർജ്ജ് ആയിരുന്ന ശ്രീ.എം.വി.ലാലച്ചനെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിനായി KCS & CCA റൂൾ 16 പ്രകാരം ലഘുശിക്ഷയ്ക്കുള്ള

കുറ്റാരോപണമെമ്മോ/കുറ്റാരോപണ പത്രിക പരാമർശം (2) പ്രകാരം നൽകുകയും ചെയ്തിരുന്നു.

2. മേൽ കുറ്റാരോപണമെമ്മോ/കുറ്റാരോപണ പത്രികയ്ക്ക് ശ്രീ.എം.വി.ലാലച്ചൻ പരാമർശം (3) പ്രകാരം മറുപടി നൽകുകയുണ്ടായി. 01.03.2018 മുതൽ 12.12.2019 വരെയാണ് ചേർത്തല നഗരസഭ സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതലയുണ്ടായിരുന്നതായും കുറ്റാരോപണ മെമ്മോയിൽ പരാമർശിക്കുന്ന ഫയലുകൾ പരിശോധിച്ചതിൽ ടി ഫയലുകളിൽ ഒറ്റത്തവണ നികുതി ഒടുക്കിയ രസീതുകളുടെ പകർപ്പ് സൂക്ഷിച്ചിട്ടുള്ളതായി കാണുന്നതായും ടിയാൻ പ്രതിവാദപത്രികയിൽ അറിയിക്കുന്നു. ചേർത്തല നഗരസഭയിൽ ഒറ്റത്തവണ നികുതി ഒടുക്കിയ രസീതോ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ പകർപ്പോ ഹാജരാക്കിയതിനു ശേഷം മാത്രമാണ് കെട്ടിട നമ്പർ അനുവദിച്ച് വരുന്നതെന്നും നിരവധിയായ നികുതി നിർണ്ണയം നടത്തുന്ന നഗരസഭയിൽ ടി കുറ്റാരോപണ മെമ്മൊയിൽ പരാമർശിക്കുന്ന 6 ഫയലുകളിൽ മാത്രമാണ് ഇപ്രകാരം അപാകതകൾ കണ്ടെത്തിയിട്ടുള്ളതെന്നും എന്നാൽ ടി ഫയലുകൾ പ്രകാരമുള്ള കെട്ടിടങ്ങൾക്കു ഒറ്റത്തവണ നികുതി/റിട്ടേൺ യഥാസമയം ഒടുക്കിയിട്ടുള്ളതും ആയത് യഥാസമയം ഫയലിൽ സൂക്ഷിച്ചിരുന്നില്ല എന്നും ടി ഫയലുകൾ പരിശോധിച്ചതിൽ നിന്നും മനസ്സിലാക്കുന്നുമെന്നും ടിയാൻ അറിയിച്ചിരുന്നു. ആയത് ബന്ധപ്പെട്ട റവന്യൂ വിഭാഗം ഉദ്യോഗസ്ഥർക്ക് വന്നിട്ടുള്ള ശ്രദ്ധക്കുറവാണെന്നും നഗരസഭാ സെക്രട്ടറിയുടെ പൂർണ്ണ അധികച്ചുമതല ഏറ്റെടുത്ത നാൾ മുതൽ നഗരസഭയുടെ കാര്യനിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന ചുമതല പരമാവധി നല്ല രീതിയിൽ കൊണ്ടുപോകാൻ ശ്രമിച്ചിട്ടുള്ളതാണെന്നും മേൽപ്പടി 6 ഫയലുകളിൽ ഒറ്റത്തവണ കെട്ടിട നികുതി യഥാസമയം ഒടുക്കിയ രസീതിന്റെ പകർപ്പ് യഥാസമയം ഫയലിൽ സൂക്ഷിക്കാതെ വന്നിട്ടുള്ളത് മനഃപ്പൂർവ്വമല്ലാത്ത വീഴ്ചയായി പരിഗണിച്ച് മേൽ ശിക്ഷണ നടപടികളിൽ നിന്ന് ഒഴിവാക്കണമെന്നും ശ്രീ.എം.വി.ലാലച്ചൻ ആവശ്യപ്പെടുന്നു.

3. ശ്രീ.എം.വി.ലാലച്ചൻ സമർപ്പിച്ച മറുപടിയിൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ലഭ്യമാക്കയിരുന്നു. കുറ്റാരോപണ മെമ്മോയിൽ പരാമർശിച്ചിരിക്കുന്ന ആറ് ഫയലുകളിൽ BA 157 (10) 14-15 BA 157 (4) 14-15 എന്നിവയിൽ ഒറ്റത്തവണ നികുതി അടച്ചതിനുശേഷം ആണ് കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളത് എന്നും ആയതിന്റെ രസീതുകൾ നിലവിൽ സൂക്ഷിച്ചിട്ടുണ്ടെന്നും എന്നാൽ വിജിലൻസ് പരിശോധനവേളയിൽ ടി രസീതുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ലാതിരുന്നതാണ് വിജിലൻസ് റിപ്പോർട്ടിൽ പരാമർശത്തിന് കാരണം എന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു. BA 80/19, BA 222/18 എന്നീ ഫയലുകളിൽ റിട്ടേൺ സമർപ്പിച്ചതിനുശേഷമാണ് നമ്പർ നൽകിയതെന്നും രണ്ടു ഫയലുകളിലും ഒറ്റത്തവണ നികുതി അടച്ചിട്ടുള്ളതാണെന്നും BA 84/17 BA 565/13-14 എന്നീ ഫയലുകളിൽ റിട്ടേൺ നൽകിയതിന്റെ പകർപ്പ് സൂക്ഷിച്ചിരുന്നില്ലെന്നും വിജിലൻസ് പരിശോധനവേളയ്ക്ക് മുമ്പ് നികുതി ഒടുക്കിയിരുന്നുവെങ്കിലും രസീത് ഫയലിൽ സൂക്ഷിച്ചിരുന്നില്ലെന്നും ഈ രണ്ട് കേസുകളിൽ മാത്രമാണ് നമ്പർ നൽകിയതിനുശേഷം നികുതി അടച്ചതെന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിരുന്നു. പരിശോധനയിൽ ആയത് ബോധപൂർവമായ വീഴ്ചയാണെന്ന് കാണുന്നില്ലെന്നും നിരവധി നികുതി നിർണയം നടത്തുന്ന നഗരസഭയിൽ ഏതാനും ചില ഫയലുകളിൽ മാത്രമാണ് ഇപ്രകാരം അപാകത കണ്ടെത്തിയെന്നതെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4. വിജിലൻസ് റിപ്പോർട്ടിലെ കണ്ടെത്തലുകൾ, ശ്രീ.എം.വി.ലാലച്ചന്റെ മറുപടി, പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒറ്റത്തവണ കെട്ടിട നികുതി ഈടാക്കുന്നതിലെ ക്രമക്കേടുകളിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ചേർത്തല നഗരസഭയിൽ നടത്തിയ മിന്നൽ

പരിശോധന റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ നഗരസഭ സെക്രട്ടറി ഇൻ ചാർജ് ആയിരുന്ന ശ്രീ.എം.വി.ലാലച്ചനെതിരെ KCS (CC&A) ചട്ടം 16 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ മേലിൽ വീഴ്ചയുണ്ടാകാതിരിക്കുന്നതിനായി താക്കീത് നൽകിക്കൊണ്ട്, ടിയാനെതിരായ അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീ.എം.വി.ലാലച്ചൻ , സൂപ്രണ്ട് , കൊച്ചി കോർപറേഷൻ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
വിജിലൻസ് വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു1/70/2022-ത.സ്വ.ഭ.വ).

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 08-09-2023 11:07:55
സെക്ഷൻ ഓഫീസർ